**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- പൊതുസ്ഥലംമാറ്റം 2018 - സ്ഥലംമാറ്റം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം. ഇ.എ1-46300/18/ആ.വ.ഡ തീയതി 27.06.2018
2. ഡോ. നീന.പി.എസ് -ന്റെ അപേക്ഷ

**ഉത്തരവ് നം. ഇ.എ1- 46300/2018/ആ.വ.ഡ തീയതി 28.07.2018**

2018 ലെ പൊതുസ്ഥലംമാറ്റത്തിൽ തിരുവനന്തപുരം ജില്ലാ ടി.ബി സെന്ററിലെ റെസ്പിറേറ്ററി മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ. നീന.പി.എസ് തിരുവനന്തപുരം ജനറൽ ആശുപത്രിയിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മൂന്നു വർഷത്തിൽ അധികമായി ജോലി നോക്കി വരുന്ന റെസ്പിറേറ്ററി മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ. യമുന കീനേരിയെ തിരുവനന്തപുരം ഫോർട്ട് താലൂക്ക് ആശുപത്രിയിലേക്കും, പ്രസ്തുത ആശുപത്രിയിൽ മൂന്നു വർഷത്തിൽ അധികമായി ജോലി നോക്കി വരുന്ന ഡോ. ദീപ.എസ്. നായരെ തിരുവനന്തപുരം ജില്ലാ ടി.ബി സെന്ററിലേക്കും, സ്ഥലംമാറ്റി ഡോ. നീന.പി.എസിനെ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (റെസ്പിറേറ്ററി മെഡിസിൻ) തസ്തികയിലേക്ക് നിയമിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ പരാമർശം (2) പ്രകാരം ഡോ. നീന.പി.എസ് തിരുവനന്തപുരം ജില്ലാ ടി.ബി സെന്ററിൽ തന്നെ തുടരുവാൻ താൽപ്പര്യപ്പെടുന്നതായി അറിയിച്ചിരിക്കുന്നു.

ആയതിനാൽ പരാമർശം (1) പ്രകാരമുള്ള ഡോ. നീന.പി.എസ്, ഡോ. യമുന കീനേരി, ഡോ. ദീപ.എസ്. നായർ എന്നിവരുടെ സ്ഥലംമാറ്റം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

ഒപ്പ്
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), തിരുവനന്തപുരം
3. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
4. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്